ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസ് പൂട്ടിക്കി പണിയുന്നതിന്

160(3082) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ ചരിത്ര പ്രസിദ്ധമായ ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസ് പൂട്ടിക്കി പണിയുന്നതിന് എം.എൽ.എ. ബഹു.രജിസ്ട്രേഷൻ വകുപ്പുമന്ത്രിക്ക് നൽകിയ അപേക്ഷയെത്തുടർന്ന് റവന്യൂ വകുപ്പിൽ എത്തിയ ഫയലിൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ;

(ബി) പഞ്ചായത്ത് വകുപ്പിൽനിന്ന് സ്ഥലം അവകാശം ഒഴിഞ്ഞതിന്റെ രേഖകൾ റവന്യൂ വകുപ്പിന് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിക്കുന്നതിനായി റവന്യൂ വകുപ്പ് പൂർത്തീകരിക്കേണ്ട നടപടിക്രമങ്ങൾ കൊയിലാണ്ടി താലൂക്ക് ഓഫീസിൽനിന്ന് നിർവ്വഹിക്കപ്പെട്ടിട്ടുണ്ടോ ;

(സി) സബ് രജിസ്ട്രാർ ഓഫീസിനായി മാറ്റിവെച്ച 13 സെന്റ് സ്ഥലത്തുനിന്നും നാഷണൽ ഹൈവേ വികസനത്തിനായി എത്ര സെന്റ് ഭൂമിയാണ് എൻ.എച്ച്.എ.ഐ.-ക്ക് വിട്ടുകൊടുക്കേണ്ടിവരിക എന്നത് സംബന്ധിച്ച് അറിവുണ്ടോ ; രേഖകളുണ്ടോ ;

(ഡി) പഞ്ചായത്ത് വകുപ്പ് മാറ്റിവെച്ച 13 സെന്റ് ഭൂമിയിൽ നാഷണൽ ഹൈവേക്ക് പോകുന്ന ഭൂമി കഴിച്ച് ബാക്കിവരുന്ന ഭൂമിയിൽ ചേമഞ്ചേരി രജിസ്ട്രാർ ഓഫീസ് നിർമ്മിക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് പൂർത്തീകരിച്ചിട്ടുണ്ടോ ; വിശദമായ പ്രൊപ്പോസൽ രജിസ്ട്രേഷൻ വകുപ്പിലേക്ക് എന്ന് നൽകുമെന്ന് വ്യക്തമാക്കാമോ ;

(ഇ) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിൽ വലിയ കാലതാമസം ഉണ്ടാവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസ് പൂട്ടിക്കി പണിയുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പിൽ ഫയലുകൾ ഒന്നും നിലവിലില്ല.

(ബി) പഞ്ചായത്ത് വകുപ്പിന്റെ അവകാശം ഒഴിയാനുള്ള റിലിങ്ക്വിഷ്മെന്റ് അപേക്ഷയിന്മേൽ കൊയിലാണ്ടി താലൂക്ക് ഓഫീസിലും റവന്യൂ ഡിവിഷണൽ ഓഫീസിലുമായി നടപടികൾ എടുത്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) നാഷണൽ ഹൈവേ വികസനവുമായി ബന്ധപ്പെട്ട അപ്പോർഷൻമെന്റ് പ്രവൃത്തികൾ നിർത്തിവെച്ച സാഹചര്യത്തിൽ ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസിനു മാറ്റിവച്ച സ്ഥലത്തുനിന്നും എൻ.എച്ച് വികസനത്തിന് വേണ്ട ഭൂമി എത്രയാണെന്ന് ഇപ്പോൾ കൃത്യമായി അറിയാൻ കഴിയില്ല.

(ഡി & ഇ) പ്രൊപ്പോസൽ ലഭ്യമായിട്ടില്ല.

ഭൂമികേരളം പദ്ധതി

161(3083) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂമികേരളം പദ്ധതിപ്രകാരം നിർദ്ധന കുടുംബങ്ങൾക്ക് ഭൂമി നൽകിയപ്പോൾ കൊല്ലം താലൂക്കിൽ എത്ര പേർക്ക് പട്ടയം നൽകിയിരുന്നുവെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത ഗുണഭോക്താക്കളിൽ കേസിൽ ഉൾപ്പെട്ടതും, വ്യക്തമായ അതിർവരമ്പുകൾ നിശ്ചയിച്ച് നൽകുവാൻ കഴിയാത്തതുമായ ഭൂമിക്ക് പട്ടയങ്ങൾ നൽകിയകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരം എത്ര ഗുണഭോക്താക്കൾക്ക് കൊല്ലം താലൂക്കിൽ പട്ടയം നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത ഗുണഭോക്താക്കൾക്ക് എത്രയും പെട്ടെന്ന് പകരം ഭൂമി നൽകുകയോ, പ്രശ്നപരിഹാരം ഉണ്ടാക്കുകയോ ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കൊല്ലം താലൂക്കിൽ 36 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

കപ്പലണ്ടിമുക്ക് കോളനിയിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം

162(3084) <u>ശ്രീ. പി. കെ. ഗുരുദാസൻ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊല്ലം മുനിസിപ്പാലിറ്റിയിൽ സ്വീവേജിംഗ് തൊഴിലിനായി കൊണ്ടുവന്നവരും അവരുടെ കുടുംബങ്ങളും പതിറ്റാണ്ടുകളായി കപ്പലണ്ടിമുക്ക് കോളനിയിൽ താമസിക്കുന്നവരാണ്. എന്നാൽ, ഇവർക്ക് ഇതുവരെ പട്ടയം ലഭിച്ചിട്ടില്ല. പട്ടയം നൽകാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly